ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് ജില്ലകളിൽ ഏതൊക്കെ ഭാഗത്താണ് രോഗം പടർന്നുപിടിച്ചിരിക്കുന്നതെന്നും, എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിക്കേണ്ടതെന്നും വിലയിരുത്തി അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

V ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

പകർച്ചവ്യാധികൾ തടയുന്നത് സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) : സർ, കേരളത്തിൽ പടർന്നു പിടിച്ചിരിക്കുന്ന പകർച്ചവ്യാധികളെ നേരിടുന്നതിനുവേണ്ടി സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 20-6-2003-ൽ ആരോഗ്യവകുപ്പുമന്ത്രി കൺവീനറായ മന്ത്രിസഭാ ഉപസമിതി എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയ പകർച്ച വ്യാധികൾ തടയുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ തീരുമാനിക്കുകയുണ്ടായി. ഇതിനായി സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾക്ക് 50,000 രൂപ വീതവും മുനിസിപ്പാലിറ്റികൾക്ക് ഒരു ലക്ഷം രൂപ വീതവും, കോർപ്പറേഷനുകൾക്ക് രണ്ട് ലക്ഷം രൂപ വീതവും ചെലവഴിക്കാൻ 20-06-2003-ലെ ജി.ഒ നമ്പർ 2183/03/ ത.സ്വഭ.വ. ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം ഏകദേശം 7 കോടി രൂപ അടിയന്തിരമായി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ കഴിയും, (991 ഗ്രാമ പഞ്ചായത്തുകൾ 495.5 ലക്ഷം രൂപയും, 53 മുനിസിപ്പാലിറ്റികൾ 53 ലക്ഷം രൂപയും, കോർപ്പറേഷനുകൾ 10 ലക്ഷം രൂപയും ചെലവഴിക്കും). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാധാരണഗതിയിൽ ചെയ്യുന്ന മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുപരിയായി ചെയ്യുന്ന യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കാണ് ഈ തുക ചെലവഴിക്കുക. കൊതുകു നിവാരണ പ്രവർത്തനങ്ങളും ഊർജ്ജിതമായി ഇതോടൊപ്പം നടത്തുന്നതാണ്. ഇതിന്റെ ഭാഗമായി കൊതുകു നിവാരണത്തിന് ആവശ്യമായ ഫോഗിംഗ് മെഷീനുകൾ വാങ്ങാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നത് രോഗം പകരാൻ ഇടവരുത്തുമെന്നതിനാൽ മാലിന്യ നീക്കം ത്വരിതപ്പെടുത്തുന്നതിനും ചപ്പുചവറുകൾ കുമിഞ്ഞുകൂടി കിടക്കില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യ നീക്കം സംബന്ധിച്ച പ്രശ്നങ്ങളിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി ഉണ്ടാകണമെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തോടെ മാലിന്യ നിർമ്മാർജ്ജനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാണ്. ശുചിത്വപൂർണ്ണമായ കേരളത്തിനായി യു.ഡി.എഫ്. സർക്കാർ പ്രാവർത്തികമാക്കി വരുന്ന ക്ലീൻകേരള പദ്ധതി വഴി മാലിന്യ നിർമ്മാർജ്ജനത്തിനായി പ്രത്യേകം നിർദ്ദേശങ്ങൾ നേരത്തെ തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്പോഴത്തെ പ്രത്യേക പരിതഃസ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

കണക്കിലെടുത്ത് ഖരമാലിന്യ നിർമ്മാർജ്ജനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കരാറടിസ്ഥാനത്തിലോ ദിവസക്കൂലി വ്യവസ്ഥയിലോ ആവശ്യമാണെങ്കിൽ ജീവനക്കാരെ നിയമിക്കാനും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. തനത് ഫണ്ടില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മേൽപ്പറഞ്ഞ ആവശ്യങ്ങൾക്ക്, പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കി സേവന മേഖലയ്ക്ക് നീക്കി വയ്ക്കുന്ന പ്ലാൻ പദ്ധതി വിഹിതം ഉപയോഗിക്കാനും പ്രത്യേകാനുമതി നൽകിയിട്ടുണ്ട്. ആരോഗ്യവകുപ്പുമായി ചേർന്ന് പകർച്ച വ്യാധികൾ പടരാതിരിക്കുന്നതിന് ഉതകുന്ന തരത്തിൽ ശുചീകരണ പരിപാടികളും ബോധവൽക്കരണ പരിപാടികളും ആവിഷ്ക്കരിച്ച് കാര്യക്ഷമമായി നടപ്പാക്കാൻ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും. രോഗം പടരുന്നതിനെതിരെയും പ്രതിരോധത്തിനായും ശക്തമായ ബോധവൽക്കരണം അനിവാര്യമാണെന്ന് മനസ്സിലാക്കി ഈ മാസം 23 മുതൽ രണ്ടാഴ്ചക്കാലത്തേക്ക് രോഗ പ്രതിരോധ പക്ഷാചരണ ക്യാമ്പയിൻ നടത്തുന്നുണ്ട്. പ്രതിരോധ ചികിൽസാ നടപടികൾക്ക് നേതൃത്വം നൽകുന്നതിന് ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ മെഡിക്കൽ ആഫീസർ (ഹെൽത്ത്) ആണ് കൺവീനർ. നാട്ടു ചികിൽസാ വിഭാഗം, ഹോമിയോ, ജില്ലാ മെഡിക്കൽ ആഫീസർമാർ, പഞ്ചായത്ത്, കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, വിദ്യാഭ്യാസം എന്നിവയുടെ ഡെപ്യൂട്ടി ഡയറക്ടർമാർ, മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും സെക്രട്ടറിമാർ, സംപൂർണ്ണ ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എന്നിവർ സമിതിയിൽ അംഗങ്ങളാണ്. ബോധവൽക്കരണത്തിന് വാർഡ് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് ഫലപ്രദമാവുക. വാർഡ് മെമ്പർമാർ ഇതിന് നേതൃത്വം നൽകും. കുടുംബശ്രീ യൂണിറ്റുകൾ, റസിഡൻസ് അസോസിയേഷനുകൾ, മറ്റ് സാമൂഹ്യ സന്നദ്ധ സേവാ സംഘടനകൾ എന്നിവയുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തേണ്ടതാണ്. ചികിൽസാ കേന്ദ്രങ്ങളിലെത്തിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ മുന്നിട്ടിറങ്ങേണ്ടതാണ്. ജനങ്ങളുടെ കൂട്ടായ പരിശ്രമംമൂലം ഈ ദുരിതത്തെ വിജയകരമായി നേരിടാൻ കഴിയുമെന്നതിന് സംശയമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സഹകരിക്കുന്നില്ല എന്ന വാർത്തകൾ അടിസ്ഥാനരഹിതമാണ്. ഈ സ്ഥാപനങ്ങളും ആരോഗ്യവകുപ്പും പൂർണ്ണമായും ഈ രംഗത്ത് പ്രവർത്തിച്ചു വരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ഞാൻ ഈ കാര്യം ചർച്ച ചെയ്തു. പ്രസ്തുത പണം ചെലവഴിക്കാൻ യാതൊരു നിയന്ത്രണവും ഉണ്ടാകില്ല എന്നും അറിയിക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly